LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ പറ്റിയതിന് ശേഷവും പുനർ നിയമനം ലഭിച്ച് സർവീസിൽ തുടരുന്നവർ

2 (3633) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ പറ്റിയതിന് ശേഷവും സർക്കാരിൽ വിവിധ കാരണങ്ങളാൽ സേവനം അനുഷ്ഠിക്കുന്ന എത്രയാളുകൾ ഉണ്ട് ; അവരുടെ പേര് വിവരം വെളിപ്പെടുത്താമോ ;

(ബി) പല തവണ സേവന കാലാവധി നീട്ടികൊടുത്ത് പുനർ നിയമനം ലഭിച്ച് സർവ്വീസ് തുടരുന്നവരുടെ പേര് വിവരം ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ സേവനം നീട്ടി കൊടുക്കാനുണ്ടായ കാരണങ്ങൾ വിശദീകരിക്കാമോ ; ഇപ്രകാരം പുനർ നിയമനങ്ങൾ നടത്തുന്നതു വഴി താഴെ തട്ടിൽ ഉള്ളവരുടെ ഉദ്യോഗക്കയറ്റം തടയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സർവ്വീസിൽനിന്ന് പെൻഷൻ പറ്റിയശേഷം സർക്കാർ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങളിലും കമ്മീഷനുകളിലും പുനർ നിയമനം ലഭിച്ച താഴെപ്പറയുന്നവർ നിലവിൽ സേവനമനുഷ്ഠിച്ചു വരുന്നു: ഐ.എ.എസിൽ നിന്ന് റിട്ടയർ ചെയ്ത ശ്രീ. ജോസ് സിറിയക്, സംസ്ഥാന ഇന്നവേഷൻ കൗൺസിൽ ചെയർമാൻ എന്ന നിലയിലും ശ്രീ. എം.പി. ജോസഫ്, തൊഴിൽ വകുപ്പിൽ അഡ്വൈസർ എന്ന നിലയിലും ശ്രീ. വി. എൻ. ജിതേന്ദ്രൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എന്ന നിലയിലും ശ്രീമതി വൽസലകുമാരി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിലും ശ്രീ. എൽ. രാധാകൃഷ്ണൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഡ്വൈസർ എന്ന നിലയിലും ഐ.പി.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. ജേക്കബ് പുന്നൂസ് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൽ ചീഫ് കമ്മീഷണർ എന്ന നിലയിലും ജോലി ചെയ്യുവരുന്നു. കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ മുഖ്യ വിവരാവകാശ കമ്മീഷണറായി ഐ.പി. എസിൽ നിന്നും വിരമിച്ച ശ്രീ. സിബി മാത്യൂസും, ശ്രീ. നടരാജനും (ഇപ്പോൾ സസ്പെൻഷനിൽ) ഐ.എ.എസിൽനിന്ന് വിരമിച്ച ശ്രീ. എം. എൻ. ഗുണവർദ്ധനനും വിവരാവകാശ കമ്മീഷണർമാരായി സേവനമനുഷ്ഠിച്ചുവരുന്നു. ഐ.എഫ്.എസി-ൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. റ്റി. എം. മനോഹരൻ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിലെ

ചെയർമാൻ എന്ന നിലയിലും ജോലി ചെയ്യുവരുന്നു. പൊതുഭരണ വകുപ്പിൽനിന്ന് സ്പെഷ്യൽ സെക്രട്ടറി തസ്തികയിൽനിന്നും വിരമിച്ച ശ്രീ. കെ. ബി. സന്തോഷ് കുമാറിന് കേരളാ സ്റ്റേറ്റ് യൂത്ത് കമ്മീഷൻ സെക്രട്ടറിയായി പുനർനിയമനം നൽകിയിട്ടുണ്ട്. ഈ വകുപ്പിൽ ശ്രീമതി എസ്. വസന്തകുമാരി സർവ്വീസിൽനിന്നും വിരമിച്ച ശേഷവും ഗാർഡൻ സൂപ്പർവൈസർ തസ്തികയിൽ സേവന മനുഷ്ഠിച്ചുവരുന്നുണ്ട്. സെക്രട്ടേറിയറ്റിലെ മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരവും മറ്റ് സ്ഥാപനങ്ങളിലെ ഇത്തരം പുനർ നിയമനത്തെ സംബന്ധിച്ച വിവരവും ശേഖരിച്ചുവരുന്നു.

(ബി&സി) പൊതുഭരണ വകുപ്പിന് കീഴിൽ ആർക്കും പല തവണ സേവന കാലാവധി നീട്ടികൊടുത്ത് പുനർ നിയമനം നൽകിയിട്ടില്ല. മറ്റ് വകുപ്പുകളുടെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

മത-സാമുദായിക സംഘടനകളുമായി ബന്ധപ്പെട്ട കമ്മിറ്റികളിലെ അംഗത്വം

3 (3634) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത, സാമുദായിക, രാഷ്ട്രീയ, ചാരിറ്റബിൾ സംഘടനകളുമായി ബന്ധപ്പെട്ട കമ്മിറ്റികളിൽ സർക്കാർ, പൊതുമേഖലാ, എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അംഗമാകുന്നതിനോ ഭാരവാഹിയാകുന്നതിനോ വിലക്കുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ ; കോപ്പി ലഭ്യമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ, ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സംഘടനകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവ് പിൻവലിക്കുന്നകാര്യം പരിഗണനയിലുണ്ടോ ?

<u>ഉത്തരം</u>

(എ) 7-8-2014-ലെ G.O.(P)27/14/P&ARD. പ്രകാരം കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960 ബാധകമായ എല്ലാ സർക്കാർ ജീവനക്കാർക്കും മത/സാമുദായിക സംഘടനകളുടെ ഭാരവാഹിത്വം വഹിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly